# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1634 | 06.03.2017-ൽ മറുപടിയ്ക്ക് |
|---|---|

**ക്രമാതീതമായ പ്ലാസ്റ്റിക് മാലിന്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യം, ഇ-വേസ്റ്റ് എന്നിവ ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ജനവാസകേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് മാലിന്യം കൂട്ടിയിട്ട് കത്തിക്കുന്നത് തടയാൻ സർക്കാർ തലത്തിലും തദ്ദേശസ്വയംഭരണസ്ഥാപന തലത്തിലും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) | പ്ലാസ്റ്റിക് മാലിന്യം കൂട്ടിയിട്ട് കത്തിക്കുന്ന പ്രവണത ഒഴിവാക്കാൻ വേണ്ട പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചു വരുന്നുണ്ട്. ശുചിത്വ മിഷന്റെ നേതൃത്വത്തിൽ ശാസ്ത്രീയ മാലിന്യപരിപാലനം ഉറപ്പാക്കുന്നതിനായി നടത്തിവരുന്ന ശേഷിവികസന പരിപാടികളിലും അതുപോലെ വിവര വിജ്ഞാന വ്യാപന പ്രവർത്തനത്തിന്റെ ഭാഗമായ ടിവി, റേഡിയോ പരസ്യങ്ങളിലൂടെയും പ്ലാസ്റ്റിക് മാലിന്യം കത്തിക്കുന്നതിന്റെ ദൂഷ്യഫലങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കരുതെന്ന സന്ദേശവും നൽകിവരുന്നുണ്ട്. ബഹു.കേരള ഹൈക്കോടതി നിർദ്ദേശപ്രകാരം പ്ലാസ്റ്റിക് മാലിന്യം കത്തിക്കുന്നത് പൊതുജനാരോഗ്യത്തിനും പരിസ്ഥിതിക്കും ആഘാതം ഉണ്ടാക്കുന്നതായതിനാൽ കുറ്റക്കാർക്കെതിരെ ഇന്ത്യൻ പീനൽ കോഡ്, കേരള പോലീസ് ആക്ട് എന്നിവയിലെ ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരം നടപടി എടുക്കുവാൻ കേരള സംസ്ഥാന പോലീസ് ചീഫ് പോലീസുദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്ലാസ്റ്റിക് മാലിന്യം സുരക്ഷിതമായി സംസ്കരിക്കുന്നതിന് സർക്കാർ, തദ്ദേശസ്വയംഭരണസ്ഥാപന തലങ്ങളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (സി) | സംസ്ഥാന സർക്കാരിന്റെ 2013 ജനുവരി 5-ലെ നം.21700/ലെഗ്.സി.1/2011/നിയമം. വിജ്ഞാപനം പ്രകാരം കേരള മുൻസിപ്പാലിറ്റി ആക്ട് ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതിയിൽ പ്ലാസ്റ്റിക്ക് സഞ്ചികളുടെയും കവറുകളുടെയും നിയന്ത്രണവും പ്ലാസ്റ്റിക്ക് മാലിന്യം കൈകാര്യം ചെയ്യലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേന്ദ്ര പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് പുതിയ പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ-2016 മാർച്ച് 18 2016 ന് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതിൽ പ്ലാസ്റ്റിക് മാലിന്യ പരിപാലനം സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടത്തെ അടിസ്ഥാനപ്പെടുത്തി പ്ലാസ്റ്റിക്ക് മാലിന്യ പരിപാലനം, നിയന്ത്രണം, മോണിറ്ററിംഗ്, പരിശീലനം, വിവര വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങൾക്കു വേണ്ട തുടർനടപടികളും സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. 15.02.2016 ലെ 82200/ഡി.സി.1/2014 സർക്കാർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിലും മെറ്റീരിയൽ |

| | | | |
|---|---|---|---|
| | | | റിക്കവറി ഫസിലിറ്റി സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനി മുഖേന പ്ലാസ്റ്റിക്-വേസ്റ്റ് സമാഹരിച്ച് റീസൈക്കിൾ ചെയ്യുന്നതിനായി കൈമാറിവരുന്നു. ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക്ക് റോഡ് ടാറിങ്ങിന് പ്രയോജനപ്പെടുത്തുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് (സാധാ നം. 3119/2016/ത.സ്വ.ഭ.വ തീയതി 17.11.2016) പ്രകാരം ഉത്തരവായിട്ടുണ്ട്. 22/5/2015ലെ സർക്കാർ സർക്കുലർ നം.19254/ഡിസി1/2015/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ഗ്രാമ പ്രദേശ തലങ്ങളിലെ അജൈവ മാലിന്യങ്ങൾ റിസൈക്കിൾ ചെയ്യുന്നതിന് സ്വീകരിക്കേണ്ട നടപടികളും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി പ്രവർത്തിപ്പിക്കേണ്ട ആവശ്യകതയും വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിനായി മാറ്റി വച്ചിട്ടുള്ള 10% തുക ഉപയോഗിച്ച് മെറ്റീരിയൽ റിക്കവറി ഫസിലിറ്റി സെന്ററുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സ്ഥാപിച്ച് പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് തരംതിരിച്ച് പുനചംക്രമണം സാധ്യമാക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാനത്തിനകത്ത് റീസൈക്ലിംഗ് വ്യവസായം ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ സർക്കാർതലത്തിൽ എ ടുത്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.